ദീപിക
THE FIRST MALAYALAM DAILY · ESTD 1887

# കാടറിവുകൾക്കൊപ്പം സംഗീതാറിവുകളും കൈമാറി വനശാസ്ത്രജ്ഞൻ

**ആലപ്പുഴ:** കാടറിവുകൾക്കൊപ്പം സംഗീതാറിവുകളും കൈമാറി ഹരിപ്പാട് സ്വദേശി വനശാസ്ത്രജ്ഞൻ. കോയമ്പത്തൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനിറ്റിക് ആൻഡ് ബ്രീഡിംഗിലെ സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഹരിപ്പാട് സ്വദേശി ഡോ. കണ്ണൻ സി.എസ്. വാര്യരാണ് കാട്ടറിവുകൾക്കൊപ്പം സംഗീതാറിവുകളും കൈമാറി ശ്രദ്ധയാകർഷിക്കുന്നത്.

പ്രകൃതിയുമായി ബന്ധപ്പെട്ട് നിരവധി ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്ന ഇദ്ദേഹം സംഗീതരംഗത്തും സജീവസാന്നിധ്യമാണ്. മിനിസ്ട്രി ഫോർ എൻവയോൺമെന്റ് ആൻഡ് ഫോറസ്ട്രിയുടെ പ്രകൃതിവന്ദനം എന്ന സംസ്കൃത സ്വാഗതഗാനം ചിട്ടപ്പെടുത്തിയതിനൊപ്പം ഇപ്പോൾ വനമഹോത്സവത്തോടനുബന്ധിച്ച് വനംവകുപ്പ് പുറത്തിറക്കിയ തീംസോംഗിനും സംഗീതം നല്കിയിരിക്കുന്നത് ഇദ്ദേഹമാണ്.



ഡോ. കണ്ണൻ സി.എസ്. വാര്യർ

കാടും കാട്ടാറും കടലും കേരളനാടിന്റെ പെരുമ... എന്നു തുടങ്ങുന്ന കാടറിവ് രചിച്ചത് ചീഫ് കൺസർവേറ്ററായ പ്രമോദ് കൃഷ്ണനാണ്. പി. ജയചന്ദ്രനാണ് ആലാപനം. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ സ്വാഗതഗാനം 2002-ൽ നടത്തിയ സെമിനാറിനായി ചിട്ടപ്പെടുത്തിയതാണ്. കഴിഞ്ഞ പരിസ്ഥിതി ദിനാചരണം ഓൺലൈനിലാക്കിയപ്പോഴും ഇത് സ്വാഗതഗാനമായി അവതരിപ്പിച്ചിരുന്നു.

മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടതോടെ ഇത് മന്ത്രാലയത്തിന്റെ സ്വാഗതഗാനമാക്കാൻ തീരുമാനിക്കുകയായിരുന്ന. യജുർവേദത്തെ ആസ്പദമാക്കി നാട്ട, ആനന്ദഭൈരവി, ഹംസധ്വനി എന്നീരാഗങ്ങളിലാണ് രണ്ടുമിനിറ്റിൽ താഴെയുള്ള ആ ഗാനം ചിട്ടപ്പെടുത്തിയത്.

കേരള കാർഷിക സർവകലാശാലയിൽ നിന്നും ഫോറസ്ട്രിയിൽ ഒന്നാംറാങ്കുനേടി വിജയിച്ച ഡോ. കണ്ണൻ സി.എസ്. വാര്യർ അവിടെ കലാപ്രതിഭയുമായിരുന്നു. ഗവേഷണ ജോലിക്കിടെ ലളിതം, ദശപുഷ്പം എന്നിവയടക്കം ആൽബങ്ങളും പുറത്തിറക്കിയിട്ടുണ്ട്.

ദീപിക
Thu, 09 July 2020
https://epaper.deepika.com/c/53332892

193. News in Deepika, Alappuzha, 09.07.2020, Kadarivu, Theme Song of Kerala Forest Department.